## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1124.** **30.11.2018 ൽ മറുപടിയ്ക്ക്**

## ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബ്രൂവറികളും ഡിസ്റ്റിലറികളും പുതുതായി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ഏത് ഘട്ടത്തിലാണ്; | (എ) | മദ്യ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിൽ കാലാനുസൃതമായി മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിന് 09-10-2018 തീയതിയിലെ സ.ഉ(സാധാ)744/2018/നി.വ. നമ്പർ പ്രകാരം ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശുപാർശകൾ പരിശോധിച്ചശേഷം ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഏതാനും ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി നൽകുകയും പിന്നീട് റദ്ദാക്കുകയും ചെയ്യതിന്റെ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തുണ്ടായ പ്രളയ കെടുതിയെ തുടർന്ന് കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും യോജിച്ച നിൽക്കേണ്ട ആവശ്യകത നിലനിൽക്കുമ്പോൾ, അടിസ്ഥാന രഹിതമായ വിവാദങ്ങളുയർത്തി യോജിച്ച അന്തരീക്ഷം ഇല്ലാതാക്കാൻ ശ്രമം നടന്ന സാഹചര്യത്തിലാണ് 3 ബ്രൂവറികൾക്കും 2 കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും നിയമാനുസരണം നൽകിയ അനുമതി 09-10-2018 തീയതിയിലെ സ.ഉ(സാധാ)നം.744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുള്ളത്. |
| (സി) | എക്സൈസ് ആസ്ഥാനത്ത് സേവനങ്ങൾ | (സി) | എക്സൈസ് വകുപ്പിൽ നിന്നും ആവശ്യം ലഭിക്കേണ്ട സേവനങ്ങൾ, മുൻഗണനാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | ഓൺലൈനാക്കാനുള്ള പട്ടികയിൽ നിന്ന് ബ്രൂവറി ഡിസ്റ്റിലറി അപേക്ഷകൾ ഒഴിവാക്കപ്പെടാനുള്ള കാരണം വ്യക്തമാക്കാമോ; | | ക്രമപ്പെടുത്തി ഘട്ടംഘട്ടമായി സമ്പൂർണ്ണ ഓൺലൈൻ സേവനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ അപേക്ഷകൾ ലഭിക്കുന്നതും കൂടുതൽ ലൈസൻസുകൾ/ പെർമിറ്റുകൾ അനുവദിക്കുന്നതുമായ 18 ഇനം സേവനങ്ങളാണ് മുൻഗണനാടിസ്ഥാനത്തിൽ ഓൺ ലൈൻ സേവനങ്ങളായി ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്. എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ആക്കുമ്പോൾ ബ്രൂവറി ഡിസ്റ്റിലറി എന്നിവ സംബന്ധിച്ച സേവനങ്ങൾ ഉൾപ്പെടെയുള്ളവ ഓൺ ലൈൻ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | പരിഗണനയിലുള്ള പുതിയ അപേക്ഷകളുടെ രഹസ്യ സ്വഭാവം സൂക്ഷിക്കാനാണ് ഓൺലൈൻ പട്ടികയിൽ നിന്നും അവ ഒഴിവാക്കപ്പെട്ടതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**